ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ നിർദ്ദേശങ്ങളും എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : അതു ഡിലിമിറ്റേഷൻ നടത്തുന്നതിനെ സംബന്ധിച്ചു നിർദ്ദേശങ്ങളാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇവിടെനിന്നും ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിട്ടുള്ളതു എതെല്ലാം നിർദ്ദേശങ്ങളാണു് ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടും പാർലിമെൻറി കമ്മിറ്റിയുടെ റിപ്പോർട്ടും ഈ അസംബ്ലി അംഗീകരിച്ചു നിർദ്ദേശങ്ങളുമെല്ലാം ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിട്ടുണ്ടു്.

## ഡിലിമിറ്റേഷൻ കമ്മിറ്റി റിപ്പോർട്ടു്

*ക്വസ്റ്റ്യൻ. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറു് അംഗീകരിച്ചോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) : ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ റിപ്പോർട്ടു് ഗവണ്മെൻറിന്റെ പരിഗണനയ്ക്കു് വിധേയമായിട്ടു് എത്ര കാലമായി എന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് പരിശോധിച്ചു് അവസാനമായി തീരുമാനം ചെയ്യാനുള്ള അധികാരം ഈ ഗവണ്മെൻറിനില്ല. അതു ഇലക്ഷൻ കമ്മീഷൻ ചെയ്യേണ്ട കാര്യമാണു്. അതുകൊണ്ടു് റിപ്പോർട്ടു് ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിരിക്കയാണു്.

ശ്രീ. എ. താണുപിള്ള : ഡിലിമിറ്റേഷനെ സംബന്ധിച്ച അവസാന തീരുമാനമുണ്ടാകുന്നതിനു് എത്രകാലം വേണ്ടിവരുമെന്നു ഗവണ്മെൻറിനു വല്ല അറിവുമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇതുവരെ യാതൊരു അറിവുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അതേപടി അനുകൂലിച്ചുകൊണ്ടാണൊ ഗവണ്മെൻറു് റിപ്പോർട്ടയച്ചിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഡിലിമിറ്റേഷനെ സംബന്ധിച്ചു് പൊതുജനങ്ങൾക്കു ധാരാളം പരാതികളുണ്ടെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അറിഞ്ഞുകൂടാ.

## സെയിൽസു് ടാക്സു്

*ക്വസ്റ്റ്യൻ. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്വസ്റ്റ് ൪൦-ൽ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു് സെയിൽസ്ടാക്സു്മൂലം എത്ര രൂപാ കിട്ടി;



LIBRARY ARCHIVES Kerala Legislative Assembly